പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4660 — 18.05.2017 ൽ മറുപടിക്ക്

## ശബരിമല ക്ഷേത്രത്തിന് പുതിയ പേര്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ശബരിമല ക്ഷേത്രത്തിന് പുതിയ പേര് ഇട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പേര് മാറ്റിയത് ഏത് മാനദണ്ഡത്തിന്റെയും ഉത്തരവിന്റെയും വെളിച്ചത്തിലാണെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. 1950 ലെ തിരു കൊച്ചി ഗവൺമെന്റ് പാസ്സാക്കിയ തിരുവിതാംകൂർ – കൊച്ചി ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 58 പ്രകാരമാണ് പേരു മാറ്റിയതെന്ന് ദേവസ്വം ബോർഡ് റിപ്പോർട്ട് ചെയ്യെങ്കിലും ഒരു ക്ഷേത്രത്തിന്റെ പേരു മാറ്റുന്നതിന് ബോർഡിന് അധികാരം ഇല്ലാത്തതിനാൽ ആയത് സർക്കാർ റദ്ദ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ അന്വേഷണം നേരിടുന്ന ദേവസ്വം സെക്രട്ടറിയെ ദേവസ്വം കമ്മീഷണർ ആക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) 01.04.1994 മുതൽ സർക്കാർ നൽകുന്ന പാനലിൽ നിന്നും ബഹു. ഹൈക്കോടതി നിർദ്ദേശിക്കുന്നതനുസരിച്ചാണ് ദേവസ്വം കമ്മീഷണറെ നിയമിക്കുന്നത്. ഇതു പ്രകാരം സർക്കാർ നൽകിയ പാനൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിൽ നിലവിലെ ദേവസ്വം സെക്രട്ടറിയുടെ പേര് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അന്വേഷണം നേരിടുന്ന സെക്രട്ടറിയെ കമ്മീഷണറാക്കി ബോർഡ് ഉത്തരവിറക്കി യിട്ടുണ്ട്. ഇതിലെ അപാകത ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ